Page 1 of 1

ശ്രീ. കെ. ചന്ദ്രശേഖരൻ : റൂൾ 70 അനുസരിച്ച് നോൺ ഒഫിഷ്യൽ ബില്ല് ഇൻട്രോഡ്യൂസ് ചെയ്യുന്ന സ്റ്റേജിൽ ഒപ്പോസ് ചെയ്ത് തള്ളിക്കള യുന്നതായി അറിവില്ല.

**Deputy Speaker** : Now the bill is introduced, without the previous sanction of the President or recommendation of the Governor, the member shall annex to the notice.........

ശ്രീ. ആർ. എസ്. ഉണ്ണി : ഇൻട്രോഡ്യൂസ് ചെയ്യുന്ന അവസരത്തിൽ ഒബ്ജക്ട് ചെയ്യാം. ഒബ്ജക്ട് ചെയ്യുന്ന അവസരത്തിൽ ഇൻട്രോഡ്യൂസ് ചെയ്യുന്ന മെമ്പർക്ക് ചെറിയ ഒരു പ്രസ്താവന ചെയ്യുന്നതിന് അനുവാദം കൊടുത്ത് ആ പ്രശ്നം സഭയുടെ തീരുമാനത്തിന് വയ്ക്കുന്നതാണ് റൂൾ. അത് ചെയ്യാനുള്ള അനുവാദം കൊടുത്തില്ലഎന്നുള്ളതാണ് ഇവിടെ സംഭ വിച്ചത്.

ഡെപ്യൂട്ടി സ്പീക്കർ : ബില്ലിനെ സംബന്ധിച്ചിടത്തോളം the Bill stands introduced എന്നു ചെയറിൽനിന്നു പറഞ്ഞു കഴിഞ്ഞു. അതുകൊണ്ട് ഈ ബില്ല് ചർച്ചയ്ക്കെടുക്കുന്ന അവസരത്തിൽ ഗവൺമെൻറിന് ഒപ്പോസ് ചെയ്യാവുന്നതാണ്.

(ii) The Kerala Land Reforms (Second Amendment) Bill, 1978.

**Shri N. I. Devassykutty** : Sir, I move for leave to introduce the Kerala Land Reforms (Second Amendment) Bill, 1978.

**Shri Thundathil Kunjukrishna Pillai** : Sir, I second it.

റവന്യൂവും സഹകരണവും വകുപ്പു മന്ത്രി (ശ്രീ. ബേബി ജോൺ) : ഞാൻ ഇതിനെ എതിർക്കുകയാണ്. ഇതിൽ പ്രതിപാദിച്ചിരിക്കുന്ന ആശയത്തോട് എതിർപ്പില്ല. കഴിഞ്ഞ നിയമ സഭയിൽതന്നെ ശ്രീ. ദേവസിക്കുട്ടി ഇങ്ങനെ ഒരു ഭേദഗതി ഭൂപരിഷ്ക്കരണ നിയമത്തിൽ വേണമെന്ന് ആവശ്യപ്പെട്ടു കൊണ്ടുള്ള ഒരു ബില്ല് അവതരിപ്പിച്ചിരിക്കുന്നു. അന്നും അതേ സംബന്ധി ച്ചുള്ള വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അത് അദ്ദേഹം പിൻവലിച്ചു. വീണ്ടും ഈ ബില്ല് കൊണ്ടുവരാൻ ആസ്പദമായത് ഒരു ഹൈക്കോടതി വിധി യെത്തുടർന്നാണ്. ആ വിധികൊണ്ട് ധാരാളം ടെനൻസിന് ബുദ്ധിമുട്ട് ഉണ്ടായിട്ടുണ്ട്. ആ ബുദ്ധിമുട്ടുകൾ പരിഹരിക്കേണ്ടതാണ്. നിയമപ്രകാരം ഭേദഗതി വരുത്തിയേ അത് പരിഹരിക്കാൻ സാധിക്കുകയുള്ളൂ. ഭൂപരിഷ്ക്കരണ നിയമത്തിൽതന്നെ വളരെ സാങ്കേതികമായി പറഞ്ഞാൽ പ്രസിഡൻറിന്റെ മുൻകൂട്ടിയുള്ള അനുവാദം വേണ്ടാ എന്ന് പറഞ്ഞേക്കാം. പക്ഷേ നിയമമാക്കണ മെങ്കിൽ പ്രസിഡൻറിന്റെ അസൻറ് വേണം. റൂൾ 70-ൽ പറഞ്ഞിരിക്കുന്നത്.

If the Bill is a Bill which under the Constitution cannot be introduced without the previous sanction of the President or recommendation of the Governor, the member shall annex to the notice such sanction or recommendation, and the notice shall not be vaild until this requirement is complied with എന്നാണ്.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി : ഈ ബില്ല് ഇപ്പോൾ റൂൾ അനുസരിച്ച് മന്ത്രി വായിച്ച ക്യാറ്റഗറിയിൽപ്പെടുന്നതല്ല. 70 (2)-ൽ പറയുന്നത്, such sanction or recommendation എന്നാണ്. അതല്ല ഇത്. അത് മണി ബില്ലാണ്. ഫൈനാൻഷ്യൽ ബില്ലാണ്. ഭരണഘടനയിൽ പറഞ്ഞിട്ടുള്ളത്, ഫൈനാൻഷ്യൽബില്ലാണ്. ഇൻട്രോഡ്യൂസ് ചെയ്യുന്നതിന് മുമ്പ് അനുവാദം വേണ്ടത്.

LIBRARY ARCHIVES Kerala Legislative Assembly